1. ആലപ്പുഴ അർത്തുങ്കൽ മത്സ്യബന്ധന തുറമുഖത്തിന്റെ മൂന്നാം ഘട്ട നിർമ്മാണോദ്ഘാടനം പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ ഓൺലൈനായി നിർവഹിക്കും.

2. രണ്ട് ദിവസത്തെ സന്ദർശനത്തിനായി രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ് തിരുവനന്തപുരത്ത് എത്തി.

3. കോഴിക്കോട് വിലങ്ങാടിലെ നാല് വാർഡുകൾ ദുരന്തബാധിത മേഖലയായി പ്രഖ്യാപിക്കാൻ സംസ്ഥാന മന്ത്രിസഭായോഗതീരുമാനം. വിലങ്ങാട്ടെ ഉരുൾപ്പൊട്ടൽ മേഖലകളിൽ കൂടുതൽ പഠനങ്ങൾ ആവശ്യമാണെന്ന് നിയമസഭ പരിസ്ഥിതി സമിതി.

4. വാക്സിനേഷനിലൂടെ സെർവിക്കൽ ക്യാൻസറിനെ പ്രതിരോധിക്കാനുള്ള നടപടികൾ ആരംഭിക്കാൻ തീരുമാനിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ.

5. നടനും എം എൽ എയുമായ എം മുകേഷിനെ അറസ്റ്റ് ചെയ്യുന്നത് ചൊവ്വാഴ്ച വരെ സ്റ്റേ ചെയ്ത് എറണാകുളം ജില്ലാ സെഷൻസ് കോടതി. മുകേഷ് എംഎൽഎ സ്ഥാനത്തുനിന്ന് മാറി നിൽക്കുന്നതാണ് ഉചിതമെന്ന് സിപിഐ.

6. സംസ്ഥാനത്ത് അടുത്ത അഞ്ച് ദിവസം ശക്തമായ മഴയ്ക്ക് സാധ്യത. കോഴിക്കോട്, കണ്ണൂർ, കാസർകോഡ് ജില്ലകളിൽ

RNU TVPM

ഇന്നും നാളെയും ഓറഞ്ച് ജാഗ്രത.

*************************************************

ഹെഡ്‌ലൈൻ-1

**അർത്തുങ്കൽ-പ്രധാനമന്ത്രി**

ആലപ്പുഴയിലെ അർത്തുങ്കൽ മത്സ്യബന്ധന തുറമുഖത്തിന്റെ മൂന്നാം ഘട്ട നിർമ്മാണോദ്ഘാടനം നാളെ പ്രധാനമന്ത്രി നരേന്ദ്രമോദി ഓൺലൈനായി നിർവഹിക്കും. അർത്തുങ്കൽ ഹാർബർ പരിസരത്ത് നടക്കുന്ന ചടങ്ങിൽ മന്ത്രി സജി ചെറിയാൻ അധ്യക്ഷനാകും. കേന്ദ്ര മന്ത്രി രാജീവ് രഞ്ജൻ സിംഗ് മുഖ്യ പ്രഭാഷണം നടത്തും. കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ, കെ.സി.വേണുഗോപാൽ എം.പി, മന്ത്രി പി. പ്രസാദ് തുടങ്ങിയവർ സംബന്ധിക്കും.

RNUTVPM

************************************

ഹെഡ്‌ലൈൻ-3

**മന്ത്രിസഭായോഗ തീരുമാനം**

കോഴിക്കോട് വാണിമേൽ ഗ്രാമപഞ്ചായത്തിലെ 9, 10, 11 വാർഡുകളെയും നരിപ്പറ്റ ഗ്രാമപഞ്ചായത്തിലെ 3-ാം വാർഡും ദുരന്തബാധിതമായി പ്രഖ്യാപിക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചു. വയനാട് ജില്ലയിലെ മേപ്പാടി ഉരുൾപൊട്ടൽ ദുരിത ബാധിതർക്ക് നൽകിയ ധനാശ്വാസം ഇവർക്കും നൽകും. ഉരുൾപൊട്ടൽബാധിത കുടുംബങ്ങളിലെ എല്ലാ വിഭാഗം റേഷൻ കാർഡ് ഉടമകൾക്കും സൗജന്യ റേഷൻ അനുവദിക്കാനും മന്ത്രിസഭായോഗം തീരുമാനിച്ചു. ഒക്ടോബർ 22 വരെ നടത്താൻ നിശ്ചയിച്ച സംസ്ഥാന സർക്കാരിന്റെ നാലാം നൂറു ദിന പരിപാടികൾ നിശ്ചിത സമയത്തു തന്നെ പൂർത്തീകരിക്കാനും മന്ത്രിസഭാ യോഗം തീരുമാനിച്ചു.

************************************

## ഹെഡ്ലൈൻ-3എ

**നിയമസഭ പരിസ്ഥിതി സമിതി**

കോഴിക്കോട് വിലങ്ങാട്ടെ ഉരുൾപ്പൊട്ടൽ മേഖലകളിൽ കൂടുതൽ പഠനങ്ങൾ ആവശ്യമാണെന്ന് നിയമസഭ പരിസ്ഥിതി സമിതി. ഉരുൾപൊട്ടൽ ബാധിത മേഖല സന്ദർശിച്ച ശേഷം സമിതി ചെയർമാൻ ഇ.കെ.വിജയൻ, എം എൽ എ മാധ്യമങ്ങളെ അറിയിച്ചതാണ് ഇക്കാര്യം. ഡ്രോൺ, റഡാർ പരിശോധനകളും മേഖലയിൽ നടത്തണമെന്നും അദ്ദേഹം പറഞ്ഞു.

************************************

## ഹെഡ്ലൈൻ-5

**മുകേഷ് - അറസ്റ്റ് സ്റ്റേ**

നടനും എം എൽ എയുമായ എം മുകേഷിനെ അറസ്റ്റ് ചെയ്യുന്നത് അടുത്തമാസം മൂന്നു വരെ തടഞ്ഞുകൊണ്ട് എറണാകുളം ജില്ലാ സെഷൻസ് കോടതി ഉത്തരവിട്ടു. മുകേഷ് സമർപ്പിച്ച മുൻകൂർ ജാമ്യാപേക്ഷയിലാണ് കോടതി ഉത്തരവ്. ജാമ്യാപേക്ഷയിൽ കോടതി അടുത്തമാസം മൂന്നിന് വിശദ വാദം കേൾക്കും. ലൈംഗിക പീഡനാരോപണത്തെ തുടർന്ന് മുകേഷിനെതിരെ എറണാകുളം മരട് പോലീസ് കേസ് രജിസ്റ്റർ ചെയ്തിരുന്നു.

RNUTVPM

************************************

## ഹെഡ്ലൈൻ-5എ

**സിപിഐ-മുകേഷ്**

എം. മുകേഷ് എം എൽ എ സ്ഥാനത്തുനിന്ന് മാറി നിൽക്കുന്നതാണ് ഉചിതമെന്ന് സി പി ഐ സംസ്ഥാന നേതൃത്വം. മുകേഷിന്റെ രാജി സംബന്ധിച്ച വിഷയം ചർച്ച

ചെയ്യാൻ വിളിച്ച സി പി ഐ എക്സിക്യൂട്ടീവ് യോഗത്തിലാണ് തീരുമാനം. അതേസമയം മുകേഷ് തത്ക്കാലം എം എൽ എ സ്ഥാനം രാജി വയ്ക്കേണ്ടെന്ന നിലപാടാണ് സി പി ഐ എം സ്വീകരിച്ചിട്ടുള്ളത്. പാർട്ടി അവൈയ്ലബിൾ സെക്രട്ടേറിയറ്റ് യോഗത്തിലാണ് തീരുമാനം.

************************************

## വി ഡി സതീശൻ+എൻ കെ പ്രേമചന്ദ്രൻ

കൊല്ലം MLA, എം മുകേഷ് രാജിവയ്ക്കുന്നതാണ് ഉചിതമെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ. ഘടക കക്ഷികളിൽ നിന്നും ആവശ്യം ഉയർന്നിട്ടും സി പി ഐ എം ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നില്ലെന്നും അദ്ദേഹം ആരോപിച്ചു. അതെസമയം, എം.മുകേഷ്, എംഎൽഎ സ്ഥാനത്ത് തുടരുന്നത് രാഷ്ട്രീയ ധാർമ്മികതയ്ക്ക് ചേർന്നതല്ലെന്ന് എൻ.കെ. പ്രേമചന്ദ്രൻ എം പി പറഞ്ഞു.

RAJU TVPM

************************************

## ഹേമ കമ്മിറ്റി – പ്രതിഷേധം

ഹേമ കമ്മിറ്റി റിപ്പോർട്ടിൽ അന്വേഷണം പ്രഖ്യാപിക്കുക, കുറ്റക്കാർക്കെതിരെ കേസ് എടുക്കുക, തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് വിവിധ സംഘടനകളുടെ നേതൃത്വത്തിൽ പ്രതിഷേധ പരിപാടികൾ സംഘടിപ്പിച്ചു. കണ്ണൂർ ജില്ലാ കോൺഗ്രസ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ കളക്ടറേറ്റിന് മുന്നിൽ ജനകീയ പ്രതിഷേധ കൂട്ടായ്മ നടന്നു. ലൈംഗിക പീഡനാരോപണത്തിൽ എം മുകേഷ്, എംഎൽഎ സ്ഥാനം രാജിവയ്ക്കണം എന്നാവശ്യപ്പെട്ട് യുവമോർച്ച കൊല്ലം ചിന്നക്കടയിൽ റോഡ് ഉപരോധിച്ചു. മുകേഷിന്റെ രാജി ആവശ്യപ്പെട്ട് യൂത്ത് കോൺഗ്രസ് പ്രവർത്തകർ തിരുവനന്തപുരത്ത് പ്രതിഷേധ മാർച്ച് നടത്തി.

*************************************

## ഷീ ബോക്സ്

ജോലിസ്ഥലത്ത് സ്ത്രീകൾക്കെതിരായ ലൈംഗിക പീഡന പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനും നിരീക്ഷിക്കുന്നതിനുമുള്ള കേന്ദ്രീകൃത പ്ലാറ്റ്ഫോമായ ഷീ-ബോക്സ് പോർട്ടലിന് കേന്ദ്ര വനിതാ ശിശു വികസന മന്ത്രാലയം തുടക്കം കുറിച്ചു. ന്യൂഡൽഹിയിൽ നടന്ന ചടങ്ങിൽ കേന്ദ്രമന്ത്രി അന്നപൂർണാ ദേവി പോർട്ടൽ ഉദ്ഘാടനം ചെയ്തു. പരാതികൾ സമർപ്പിക്കുന്നതിനും അവയുടെ തൽസ്ഥിതി അറിയുന്നതിനും ഇന്റേണൽ കമ്മിറ്റികൾ സമയബന്ധിതമായി പരാതികൾ കൈകാര്യം ചെയ്യുന്നത് ഉറപ്പാക്കുന്നതിനും ഒരു പൊതു പ്ലാറ്റ്ഫോമായി ഷീ-ബോക്സ് പ്രവർത്തിക്കും.

RIJU TVPM

*************************************

ഹെഡ്‌ലൈൻ-2

## രാജ്നാഥ് സിംഗ്-കേരളം

രണ്ട് ദിവസത്തെ സന്ദർശനത്തിനായി രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ് തിരുവനന്തപുരത്ത് എത്തി. വിശാഖപട്ടണത്ത് നാവിക സേനയുടെ പരിപാടികളിൽ പങ്കെടുത്ത ശേഷമാണ് അദ്ദേഹം തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിലെത്തിയത്. നാളെ രാവിലെ തിരുവനന്തപുരം നഗരത്തിലെ സ്വകാര്യ ഹോട്ടലിൽ നടക്കുന്ന 'ചെയ്ഞ്ച് മേക്കേഴ്സ്' കോൺക്ലേവിൽ രാജ്യരക്ഷാ മന്ത്രി പങ്കെടുക്കും.

*************************************

ഹെഡ്‌ലൈൻ-4

## കാരുണ്യ സ്പർശം (ഇൻട്രോ)

വികസിത രാജ്യങ്ങളുടെ മാതൃകയിൽ വാക്സിനേഷൻ നൽകി സെർവിക്കൽ ക്യാൻസറിനെ പ്രതിരോധിക്കാനുള്ള നടപടികൾ ആരംഭിക്കാൻ തീരുമാനിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ. ക്യാൻസർ മരുന്നുകൾ കമ്പനി വിലയ്ക്ക് ലഭ്യമാക്കുന്ന കാരുണ്യ സ്പർശം-സീറോ പ്രോഫിറ്റ് ആന്റി ക്യാൻസർ ഡ്രഗ് പദ്ധതി ഓൺലൈനായി ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

## (ഹോൾഡ് മുഖ്യമന്ത്രി വോയ്സ്)

************************************

## ഗവർണർ - ഡിജിറ്റൽ യൂണിവേഴ്സിറ്റി

സംസ്ഥാനത്തെ ഡിജിറ്റൽ സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ മാതൃകാപരമാണെന്ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ. ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ രണ്ടാമത് ബിരുദദാന ചടങ്ങ് കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഡിജിറ്റൽ ഇന്ത്യ എന്ന ആശയം സാക്ഷാത്ക്കരിക്കുന്നതിന് ഡിജിറ്റൽ വിദ്യാഭ്യാസത്തിന് സാധിക്കുമെന്നും ഗവർണർ പറഞ്ഞു.

************************************

## വ്യാവസായിക സ്മാർട്ട് സിറ്റി - മുഖ്യമന്ത്രി

കേന്ദ്ര മന്ത്രിസഭയുടെ അനുമതി ലഭിച്ച പാലക്കാട് വ്യവസായിക സ്മാർട്ട് സിറ്റിയിലൂടെ 10,000 കോടി രൂപയുടെ നിക്ഷേപമാണ് പ്രതീക്ഷിക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പദ്ധതിക്ക് ലഭിച്ച കേന്ദ്ര മന്ത്രിസഭയുടെ അനുമതി കേരളത്തിന്റെ വ്യാവസായിക മേഖലയിൽ സമഗ്രമായ മാറ്റം കൊണ്ടുവരുമെന്നും അദ്ദേഹം സമൂഹമാധ്യമമായ എക്സിൽ കുറിച്ചു.

************************************

## നബാർഡ് കരാർ

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖവും നബാർഡും 2,100 കോടിയുടെ വായ്പാ കരാറിൽ ഒപ്പുവെച്ചു. VISL മാനേജിങ് ഡയറക്ടർ ദിവ്യാ എസ് അയ്യരും നബാർഡ് ചീഫ് ജനറൽ മാനേജർ ബൈജു കുറുപ്പുമാണ് ധാരണാപത്രത്തിൽ ഒപ്പുവെച്ചത്. 15 വർഷത്തേക്ക് 8.40 ശതമാനം പലിശ നിരക്കിലാണ് ലോൺ ലഭ്യമാക്കുക.

****************************************

## അദാലത്ത്-എം ബി രാജേഷ്

തദ്ദേശസ്വയംഭരണ സംവിധാനത്തെ കാര്യക്ഷമമാക്കി മാറ്റുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് മന്ത്രി എം.ബി രാജേഷ്. തിരുവനന്തപുരം കോർപ്പറേഷൻ തല തദ്ദേശ അദാലത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കെട്ടികിടക്കുന്ന പരാതികൾ പരിഹരിക്കാൻ അദാലത്തുകൾ ആവശ്യമില്ലാത്ത വിധം തദ്ദേശസ്വയംഭരണ സംവിധാനം കാര്യക്ഷമമാക്കുമെന്നും മന്ത്രി പറഞ്ഞു.

RNU TVPM

****************************************

## കണ്ണൂർ (ഇൻട്രോ)

കണ്ണൂർ ജില്ലയെ സമ്പൂർണ്ണ ശുചിത്വ ജില്ലയായി അടുത്ത മാർച്ച് 30 നകം പ്രഖ്യാപിക്കാനുള്ള തീവ്രയജ്ഞ കർമ്മ പരിപാടിക്ക് ഒക്ടോബർ രണ്ടിന് തുടക്കമാവും.

**ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ. ഒ. ശശിധരൻ തയ്യാറാക്കിയ റിപ്പോർട്ടിലേക്ക്.....**

(വോയിസ്)

****************************************

## ഹെഡ്ലൈൻ-6

**മഴ**

സംസ്ഥാനത്ത് അടുത്ത അഞ്ച് ദിവസം ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കോഴിക്കോട്, കണ്ണൂർ, കാസർകോഡ് ജില്ലകളിൽ ഇന്നും നാളെയും ഓറഞ്ച് ജാഗ്രതയാണ്. വയാനാടും നാളെ ഓറഞ്ച് ജാഗ്രത നിർദേശം നൽകിയിട്ടുണ്ട്. ജലസേചന വകുപ്പിന്റെ കാസർഗോഡ് ജില്ലയിലെ ഉപ്പള സ്റ്റേഷനിൽ ജലനിരപ്പ് മുന്നറിയിപ്പ് പരിധി കവിഞ്ഞതിനാൽ മഞ്ചേശ്വരം നദിക്കരയിൽ താമസിക്കുന്നവർ ജാഗ്രത പാലിക്കണം. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മറ്റെന്നാൾ വരെ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

*************************************

**വിനോദസഞ്ചാരികളെ രക്ഷിച്ചു**

വെള്ളമുയർന്നതിനെ തുടർന്ന് മുതിരപ്പുഴയാറ്റിൽ കുടുങ്ങിയ കർണ്ണാടക സ്വദേശികളായ വിനോദസഞ്ചാരികളെ രക്ഷിച്ചു. കല്ലാർകുട്ടി അണക്കെട്ടിന്റെ ഷട്ടർ ഉയർത്തിയതിനെ തുടർന്നായിരുന്നു മുതിരപ്പുഴയാറ്റിൽ വെള്ളമുയർന്നത്.

*************************************

**ജമ്മുകശ്മീർ - ഏറ്റുമുട്ടൽ**

ജമ്മു കശ്മീരിലെ കുപ്‌വാര ജില്ലയിൽ നിയന്ത്രണ രേഖയിൽ രണ്ട് വ്യത്യസ്ത ഏറ്റുമുട്ടലുകളിൽ മൂന്ന് ഭീകരരെ സൈന്യം വധിച്ചു. താങ്ധർ സെക്ടറിലും മച്ചിൽ സെക്ടറിലും ആണ് ഏറ്റുമുട്ടൽ ഉണ്ടായത്.

*************************************

**ഏഴിമല നേവൽ അക്കാദമി കമാണ്ടൻറ്**

RJU TVPM

ഏഴിമല ഇന്ത്യൻ നേവൽ അക്കാദമി കമാൻഡൻറായി വൈസ് അഡ്മിറൽ സിആർ പ്രവീൺ നായർ ചുമതലയേറ്റു. വൈസ് അഡ്മിറൽ വിനീത് മക്കാർട്ടിയുടെ പിൻഗാമിയായാണ് അദ്ദേഹം ചുമതലയേറ്റത്. നാവിക സേനയുടെ വെസ്റ്റേൺ ഫ്ലീറ്റിന്റെ കമാൻഡൻറായിരുന്ന വൈസ് അഡ്മിറൽ സി.ആർ. പ്രവീൺ നായർ, പാലക്കാട് സ്വദേശിയാണ്.

*************************************

## സിബിസി-കൊല്ലം

കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലുള്ള സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷൻ തിരുവനന്തപുരം റീജിയണൽ ഓഫീസ് സംഘടിപ്പിക്കുന്ന ദ്വിദിന സംയോജിത ആശയവിനിമയ ബോധവത്കരണ പരിപാടിക്ക് കൊല്ലത്ത് തുടക്കമായി. കാർഗ്ഗിൽ പോരാട്ടത്തിന്റെ ചിത്രങ്ങൾ പ്രദർശിപ്പിക്കുന്ന ഫോട്ടോ എക്സിബിഷനും ഒരുക്കിയിട്ടുണ്ട്.

*

*******************

******************************************************

RNU TVPM